LIBRARY ARCHIVES Kerala Legislative Assembly

**പൊതുകടം**

**138 (483)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ അവസാന കാലത്ത് സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നു ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പൊതുകടം എത്ര രൂപയായി വർദ്ധിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ അവസാനകാലത്ത് സംസ്ഥാനത്തിന്റെ പൊതുകടം 31-3-2011 വരെ 78,673.24 കോടി രൂപയായിരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് 31-3-2015 വരെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ പൊതുകടം 133701.15 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

**വിഭവ സമാഹരണവും പദ്ധതിവിഹിതവും**

**139 (484)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭവ സമാഹരണത്തിനനുസൃതമല്ലാതെ പദ്ധതി വിഭാവന ചെയ്തതായുള്ള പരാതിയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പണം നൽകുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിഭവ സമാഹരണത്തിനനുസൃതമായി മാത്രമാണ് വാർഷിക പദ്ധതികൾ വിഭാവന ചെയ്യുന്നത്.